MONDAY 07/10/2024 തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Nizam S A** **Editor : Dr. Binu Harriet Ivan**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 07/10/2024

1. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വിവിധ പച്ചക്കറി വിളകളായ വഴുതന, പാവൽ, കുമ്പളങ്ങ, പയർ, വെള്ളരി, വെള്ളരി, തണ്ണിമത്തൻ, പടവലങ്ങ, വെണ്ട എന്നിവയുടെ വിത്തുകൾ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9400483754 എന്ന നമ്പരിൽ ബന്ധപ്പെടുക.

2. കർഷകർക്ക് മൃഗസംരക്ഷണ വകുപ്പിന്റെ ദുരന്തനിവാരണ ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചു സർക്കാർ ഉത്തരവായി. പുതുക്കിയ ഉത്തരവ് പ്രകാരം നിലവിൽ ഉള്ള നഷ്ടപരിഹാര മാനദണ്ഡങ്ങൾക്ക് പുറമെ ബ്രൂസല്ലോസിസ്, ക്ലാസിക്കൽ സ്വൈൻ ഫീവർ, ആഫ്രിക്കൻ പന്നിപ്പനി എന്നീ അസുഖങ്ങൾ മൂലവും പാമ്പ്കടി, വിഷ ബാധ എന്നിവ മൂലവും ഉരുക്കൾ നഷ്ടപ്പെടുന്ന കർഷകർക്കും നഷ്ടപരിഹാരം നൽകുമെന്ന് മന്ത്രി .ജെ ചിഞ്ചുറാണി അറിയിച്ചു. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ, ആന്ത്രാക്സ്, പേവിഷബാധ, പക്ഷിപ്പനി, പി.പി.ആർ എന്നീ രോഗങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും, വന്യമൃഗങ്ങളുടെ ആക്രമണം, തെരുവ് നായ ആക്രമണം, ഇടിമിന്നൽ, മുങ്ങിമരണം, വൈദ്യുതാഘാതം, സൂര്യാഘാതം, അപകടം തുടങ്ങിയ അത്യാഹിതങ്ങൾ എന്നിവയ്ക്കുമാണ് നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം വകുപ്പിന്റെ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും നഷ്ടപരിഹാരം നൽകി വരുന്നത്. പരിഷ്കരിച്ച പുതിയ ഉത്തരവ് പ്രകാരം ഇൻഷുറൻസ് തുകയോ, ജില്ലാ കളക്ടറുടെ ധനസഹായമോ ലഭിക്കാത്ത ദുരിത ബാധിതരായ എല്ലാ കർഷകർക്കും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും. സർക്കാരിന്റെ ധനസഹായത്തിനായി നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ ആവശ്യമായ രേഖകൾ സഹിതം അടുത്തുള്ള മൃഗാശുപത്രികളിൽ കർഷകർ സമർപ്പിക്കേണ്ടതാണ്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. അസാപ്പ് കേരളയും കൊച്ചിൻ ഷിപ്പ്യാർഡും സംയുക്തമായി നടത്തുന്ന മറൈൻ സ്ട്രക്ച്ചറൽ ഫിറ്റർ കോഴ്സിലേയ്ക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. 7 സീറ്റുകളിലാണ് ഒഴിവുള്ളത് (3 സീറ്റ് മൈനോറിറ്റി വിഭാഗത്തിനുള്ളതാണ്). ഐടിഐ വെൽഡർ, ഫിറ്റർ, ഷീറ്റ് മെറ്റൽ എന്നീ ട്രേഡുകൾ 2020ന് ശേഷം പാസൗട്ട് ആയ കുട്ടികൾക്കാണ് അവസരം. ന്യൂനപക്ഷ മത വിഭാഗങ്ങളിൽ ഉൾപ്പെട്ട (ക്രിസ്ത്യൻ, മുസ്ലിം, ജൈന, ബുദ്ധ, പാഴ്സി) വിദ്യാർത്ഥികൾക്ക് കോഴ്സ് സൗജന്യമായിരിക്കും. ഒക്ടോബർ 10ന് ക്ലാസ് തുടങ്ങുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 7736925907/9495999688 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

4. മത്സ്യഫെഡിന്റെ വെളിയങ്കോട് ചെമ്മീൻ വിത്തുത്പാദന കേന്ദ്രത്തിൽ പത്ത് ലക്ഷം കാര ചെമ്മീൻ വിത്തുകൾ വിപണനത്തിന് തയ്യാറായിട്ടുണ്ട്. വിശദവിവരങ്ങൾക്ക് ഫോൺ നമ്പർ 0494 2677250, 9526041177, 9526041202.

**പരിശീലന പരിപാടി**

5. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "IOT Concepts in Agriculture" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ ഹ്രസ്വ കോഴ്സിലെ പുതിയ ബാച്ച് 2024 ഒക്ടോബർ 14 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കോഴ്സ് കൈകാര്യം ചെയ്യുന്നു. താൽപ്പര്യമുള്ളവർ ഒക്ടോബർ 13 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും ഇംഗ്ലീഷിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താ-വുന്നതാണ്. ഇതിനായി കമ്പ്യൂട്ടറോ മൊബൈൽ ഫോണോ (സ്മാർട്ട് ഫോൺ) ഉപയോഗിക്കാം. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ

സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Defaulteng.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ മേൽ പറഞ്ഞ ലിങ്കിൽ ലഭ്യമാണ്. രജിസ്റ്റർ ചെയ്തവർക്ക് ഒക്ടോബർ 14 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐ.ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.

6. തേനീച്ചവളർത്തലിൽ റബ്ബർബോർഡ് പരിശീലനം നടത്തുന്നു. 2024 ഒക്ടോബർ 15-ന് കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ചാണ് പരിശീലനം. കർഷകർ, റബ്ബറുത്പാദകസംഘങ്ങളിലെയും സ്വാശ്രയസംഘങ്ങളിലെയും അംഗങ്ങൾ തുടങ്ങിയവർക്കെല്ലാം പരിശീലനം പ്രയോജനം ചെയ്യും. റബ്ബർതോട്ടങ്ങളിൽനിന്ന് അധികവരുമാനം നേടുന്നതിനുള്ള മാർഗ്ഗമാണ് തേനീച്ചവളർത്തൽ. ശാസ്ത്രീയമായ രീതികൾ അവലംബിക്കുന്നതിലൂടെ തേനീച്ചവളർത്തലിൽനിന്ന് മെച്ചപ്പെട്ട വരുമാനം നേടാൻ കഴിയും. കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. ഇ മെയിൽ : **training@rubberboard.org.in**

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം